18113
11/12/20

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട്
**സിവിൽസ്റ്റേഷൻ (പി.ഒ), കോഴിക്കോട്- 673020**
ഫോൺ - 0495 2370494, ഫാക്സ് - 0495 2370494
ഇമെയിൽ dmohkozhikode@gmail.com

അനുബന്ധം - എച്ച് 4

നം: എ6/18855/2019

തിയ്യതി: 30.11.2020

## നോട്ടീസ്

ശ്രീ.മുഹമ്മദ് ഷമീർ.എൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, പ്രാഥമികാരോഗ്യ കേന്ദ്രം പുതുപ്പാടി, കോഴിക്കോട് (നെല്ലിക്കൽ ഹൗസ്, മങ്ങാട്.പി.ഒ, കോഴിക്കോട് പിൻകോഡ് -673574) എന്നവരുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ താങ്കൾക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ അച്ചടക്ക നടപടികളുടെ ഭാഗമായി ഒരു കാരണം കാണിക്കൽ നോട്ടീസ് നമ്പർ എ6-18855/2019 തിയ്യതി: 17.12.2019 പ്രകാരം അവസാനമായി അറിവുള്ള താങ്കളുടെ മേൽവിലാസത്തിൽ അയക്കുകയുണ്ടായി. എന്നാൽ മേൽവിലാസം അസാധുവെന്നുള്ള രേഖപ്പെടുത്തലോട് കൂടി താങ്കൾക്ക് അയച്ച മേൽപ്പറഞ്ഞ കാരണം കാണിക്കൽ നോട്ടീസ് അടങ്ങിയ കവർ പോസ്റ്റൽ അധികാരികൾ തിരിച്ച് അയച്ചു തന്നിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്കെതിരായി സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികൾക്കെതിരായി താങ്കളുടെ പ്രതിവാദപത്രികയോ, വിശദീകരണമോ ഈ ഓഫീസിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണെന്നുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽപ്പറഞ്ഞ കാരണം കാണിക്കൽ നോട്ടീസിന്റെ മുഴുവൻ ഭാഗങ്ങളും നിശ്ചയിക്കപ്പെട്ട തിയ്യതിക്കുള്ളിൽ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് നേരിട്ടോ അല്ലെങ്കിൽ ശരിയായ മേൽവിലാസം സഹിതം രേഖാമൂലം അപേക്ഷിക്കുകയാണെങ്കിൽ തപാൽ മാർഗ്ഗമോ താങ്കൾക്ക് ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോഴിക്കോട്.

സ്വീകർത്താവ്:

ശ്രീ.മുഹമ്മദ് ഷമീർ.എൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2,
പ്രാഥമികാരോഗ്യ കേന്ദ്രം പുതുപ്പാടി, കോഴിക്കോട്
(നെല്ലിക്കൽ ഹൗസ്, മങ്ങാട്.പി.ഒ, കോഴിക്കോട് പിൻകോഡ്-673574)

എസ്.എ.എം